"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ലൈഫ് ഭവന പദ്ധതിയ്ക്കു കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഒക്യുപൻസിയും കെട്ടിട നമ്പറും അനുവദിയ്ക്കുന്നതിനും കെട്ടിടനികുതിയിൽ ഇളവ് നൽകുന്നതിനും പദ്ധതി ധനസഹായത്തിന്റെ ഗഡുക്കൾ അനുവദിക്കുന്നതിനുമുള്ള നിർദ്ദേശത്തിന്റെ ആനുകൂല്യം PMAY(U)-LIFE പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും കൂടി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ആർഎ) വകുപ്പ്**

സ.ഉ.(കൈ) നം.80/2026/LSGD  തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. 16.11.2016-ലെ സ.ഉ.(കൈ) നം.170/2016/LSGD
2. 23.11.2016-ലെ സ.ഉ.(കൈ) നം.174/2016/LSGD
3. 22.03.2023-ലെ സ.ഉ.(കൈ) നം.77/2023/LSGD
4. 04.09.2024-ലെ സ.ഉ.(കൈ) നം.115/2024/LSGD
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.01.2026-ലെ കെഎസ്എച്ച്ഒ/2222/2025-എൻ നമ്പർ കത്ത്

**ഉത്തരവ്**

നിയമലംഘനങ്ങളുടെ പേരിൽ ഒക്യുപൻസിയും കെട്ടിട നമ്പറും ലഭിക്കാത്ത ലൈഫ് ഭവനങ്ങൾക്ക് പരാമർശം (1), (2), (3) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താൽക്കാലിക യു.എ നമ്പർ നൽകുന്നതിനും താൽക്കാലിക യു.എ നമ്പർ ആണെങ്കിലും, 2023 ഏപ്രിൽ ഒന്ന് മുതൽ 60 ച.മീ. വരെ വിസ്തീർണമുള്ള സ്വന്തമായി താമസിക്കുന്ന വീടുകൾക്ക് വസ്തു നികുതി ഒഴിവാക്കി കൊണ്ട് നിയമങ്ങളിൽ വന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, മൂന്നിരട്ടി നികുതി ചുമത്തേണ്ടതില്ലെന്നും താൽക്കാലിക/യു.എ. നമ്പർ ആയിരുന്നാലും ഏതെങ്കിലും ലൈഫ് ഭവനത്തിന് വീട് പൂർത്തീകരണത്തിന്റെ ഭാഗമായുള്ള ഗഡുക്കൾ തടസ്സപ്പെടുത്തേണ്ടതില്ലെന്നും, ഗഡുക്കൾ നൽകാതെ വച്ചിട്ടുണ്ടെങ്കിൽ ആയത് നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ച് കൊണ്ട് പരമാർശം (4) പ്രകാരം ഉത്തരവായിരുന്നു.

2) കേരളത്തിൽ PMAY(U)-LIFE പദ്ധതിയുടെ BLC(N) ഘടകപ്രകാരം നിർമ്മിക്കുന്ന വീടുകളുടെ പരമാവധി വിസ്തീർണം 60 ചതുരശ്ര മീറ്റർ കാർപെറ്റ് ഏരിയയാണെന്നും ഇതനുസരിച്ച്, വീടുകളുടെ പരമാവധി പ്ലിന്ത് ഏരിയ 72 ചതുരശ്ര മീറ്റർ വരെ അനുവദനീയമാണെന്നും എന്നാൽ നിലവിൽ PMAY(U)-LIFE പദ്ധതി മാനദണ്ഡപ്രകാരം അനുവദനീയമായ 60 ചതുരശ്ര മീറ്റർ കാർപെറ്റ് ഏരിയയുള്ള വീടുകൾക്ക് പരാമർശം (3), (4) പ്രകാരമുള്ള വസ്തു നികുതി ഇളവ് ലഭ്യമാകുന്നില്ലെന്നും ഈ സാഹചര്യത്തിൽ അനധികൃതകെട്ടിടം എന്ന നിലയിൽ മൂന്നിരട്ടി വസ്തു നികുതി ചുമത്തപ്പെടുമെന്ന ആശങ്ക

കാരണം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പദ്ധതി ഗുണഭോക്താക്കൾ താൽക്കാലിക യുഎ നമ്പർ സ്വീകരിക്കാൻ മടിക്കുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും നിർമ്മാണം പൂർത്തിയായ നിരവധി വീടുകൾക്ക് ഗുരുതരമല്ലാത്ത ചില നിയമലംഘനങ്ങളുടെ പേരിൽ ഒക്യുപൻസിയും കെട്ടിടനമ്പരും അനുവദിച്ചു ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി നഗരസഭകളിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഒക്യുപൻസി ലഭ്യമായാൽ മാത്രമേ പദ്ധതിയുടെ നാലാമത്തെ ഗഡു വിതരണം ചെയ്യാൻ കഴിയുകയുള്ളുവെന്നും പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭവന പദ്ധതിയ്ക്കു കീഴിൽ നിർമ്മിക്കുന്ന വീടുകൾക്ക് ഒക്യുപൻസിയും കെട്ടിട നമ്പറും അനുവദിയ്ക്കുന്നതിനും കെട്ടിടനികുതിയിൽ ഇളവ് നൽകുന്നതിനും പദ്ധതി ധനസഹായത്തിന്റെ ഗഡുക്കൾ അനുവദിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ടുള്ള പരാമർശം (4) ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം **PMAY(U)-LIFE** പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYANTHI B S**

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, ട്രിഡ ബിൽഡിംഗ്, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്), തിരുവനന്തപുരം
എല്ലാ ജില്ല ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ടൗൺ പ്ലാനർക്കും (ചീഫ് ടൗൺ പ്ലാനർ മുഖേന)
ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജനസമ്പർക്ക വകുപ്പ് (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ(പ്രസ് റിലീസ്), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ആർഎ1/91/2026-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Shini Pereira. V
Date: 10-03-2026 11:40:11

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ സിഎ യ്ക്ക്
തദ്ദേശസ്വയംഭരണ (ഡിഇ)/(ആർസി) വകുപ്പുകൾക്ക്